# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4585 — 26.10.2016-ൽ മറുപടിക്ക്

## ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. ഇ.എസ്. ബിജിമോൾ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഭക്ഷ്യ സഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു. പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന ശഭല പദ്ധതിയും, പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>മേൽപ്പറഞ്ഞവ കൂടാതെ ആദിവാസി ശിശുമരണങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെന്ററുകളിൽ പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി സെന്ററുകളിൽ കൊണ്ടുവന്ന് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചനുകളും പ്രവർത്തിക്കുന്നു.<br>പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇപ്പോഴും ഈ പദ്ധതി തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. തുടരുന്നുണ്ട്.<br>2013 ൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ അട്ടപ്പാടിയിലെ 192 ഊരുകളിൽ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിച്ചത്. ഗുണമേന്മയുള്ള ഭക്ഷണം പാചകം ചെയ്ത് ഊരുകളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ ഐ.സി.ഡി.എസ്. മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ഈ പദ്ധതിയ്ക്ക് വിവിധ കാരണങ്ങളാൽ പോരായ്മകൾ സംഭവിക്കുകയും പല ഊരുകളിലും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു. അവശ്യ സാധനങ്ങളുടെ ദൗർലഭ്യം പദ്ധതിയുടെ തുടക്കത്തിലെ ബാലാരിഷ്ടതകൾ എന്നിവ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് തടസം സൃഷ്ടിച്ചു.<br>പോരായ്മകൾ പരിഹരിച്ച് പദ്ധതി മുടക്കമില്ലാതെ തുടർന്നുകൊണ്ടുപോകുന്നതിന് നിലവിൽ കുടുംബശ്രീയെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. 192 ഊരുകളിലും പദ്ധതി മുടക്കമില്ലാതെ നടപ്പിലാക്കുന്നതിനായി 3.5 കോടി രൂപ ഈ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 93 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചനുകൾ നിലവിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ള 99 ഊരുകളിൽ കൂടി പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ? | സി) | കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഏജൻസിയായ കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ